# IV റിപ്പോർട്ട് സമർപ്പണം

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ് സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സബ്ജക്റ്റ് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ചെയർ ഒരു കാര്യം സഭാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നിയമസഭയുടെ സമയം രാവിലെ 8.30 മുതൽ 1.30 വരെയാണ്. ഇപ്പോൾ സമയം 1.30 ആയി. നിയമസഭ പിരിയേണ്ട സമയമായി. നമ്മൾ നിയമനിർമ്മാണം എന്ന അജണ്ട തുടങ്ങുന്നതുപോലും ഈ സമയത്താണ്. നിയമസഭ 8.30-ന് ആരംഭിക്കുന്നു. രാത്രി 8-9 മണിവരെ ഇവിടെ ഇരിക്കേണ്ടി വരുമ്പോൾ, ഇടയ്ക്ക് വന്നുപോകുന്ന അംഗങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലെങ്കിലും സ്ഥിരമായി നിയമസഭയിൽ ഇരിക്കുന്നവർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ നിയമസഭാ നടപടികൾ കൂടുതൽ സമയം ദീർഘിപ്പിക്കാതെ

എങ്ങനെ മുമ്പോട്ട് പോകാം എന്നാലോചിക്കണം. ഇന്ന് രണ്ടു ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയാണ്. രണ്ട് ബില്ലുകൾ അയയ്ക്കുന്നത് വലിയ സംഭവമല്ല. ആദ്യം മുതൽതന്നെ രണ്ടുബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കാറുണ്ട്. അതുകൊണ്ട് അമിതമായ ബിസിനസ്സ് ആണ് ഇവിടെ തന്നിരിക്കുന്നതെന്ന് പറയാൻ കഴിയില്ല. ഇവിടെ ഒരുകാര്യം മനസ്സിലാക്കേണ്ടത്, രാവിലത്തെ അടിയന്തര പ്രമേയത്തിന് എടുത്ത സമയം എന്നുപറയുന്നത് ഒരു മണിക്കൂർ മുപ്പത്തിയഞ്ച് മിനിറ്റാണ്. ചർച്ച അനുവദിച്ചാൽപോലും രണ്ടുമണിക്കൂർ മാത്രമേ ആവശ്യമുള്ളൂ. ചർച്ച അനുവദിക്കാതെ തന്നെ അടിയന്തര പ്രമേയം ഒരു മണിക്കൂർ മുപ്പത്തിയഞ്ച് മിനിട്ട് എടുക്കുന്നു. ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നവരും മറുപടി പറയുന്നവരും വളരെക്കൂടുതൽ സമയമെടുക്കുന്നു. നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുമ്പോഴും, ബില്ലിനെ സംബന്ധിച്ച് സംസാരിക്കുന്നവർ 45-50 മിനിട്ട് വീതം എടുക്കുന്നു. ഇന്ന് ഇവിടെ ബില്ലിനെ സംബന്ധിച്ച് 10 പേർ സംസാരിക്കാനുണ്ട്. ഒരു മണിക്കൂർ വീതം 10 പേർ സംസാരിച്ചാൽ 10 മണിക്കൂർ എടുക്കും. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ചെയറിന് കൺട്രോൾ ചെയ്യാൻ അധികാരമില്ല. പക്ഷേ ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്, നിയമനിർമ്മാണത്തിന് വേണ്ടിയുള്ളത് ആകെ മൂന്നുമണിക്കൂറാണ്. ആ

മൂന്നുമണിക്കൂറിനകത്ത് 10 ബഹുമാന്യരായ അംഗങ്ങളും മന്ത്രിമാരും സംസാരിക്കണം. അപ്പോൾ ഒരംഗത്തിന് എത്ര മിനിട്ടെടുക്കാമെന്നതിനെ സംബന്ധിച്ച് ഒരു ധാരണ വേണം. ചെയറിന് നിയന്ത്രിക്കാൻ അധികാരമില്ല എന്നുള്ള തടസ്സവാദമുന്നയിച്ചുകൊണ്ട് ഓരോരുത്തരും ഇഷ്ടം പോലെ സംസാരിച്ചാൽ 10 മണിക്കൂർകൂടി ഇനി ഇവിടെ ഇരിക്കേണ്ടി വരും. അത് എല്ലാവരും സ്വയം ചിന്തിക്കണം. അതുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ കഴിയുമെങ്കിൽ 15-20 മിനിട്ടിനപ്പുറത്തേക്ക് സംസാരം പോകാതെ നിയന്ത്രിക്കണം. അങ്ങനെയായാൽ പോലും ഇന്ന് ആറ് മണിവരെയെങ്കിലും നമ്മൾ ഇരിക്കേണ്ടി വരും. കൂടുതൽ അംഗങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ എല്ലാവരും സഹകരിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് പറഞ്ഞത് തികച്ചും സ്വാഗതാർഹമാണ്. കക്ഷിനേതാക്കളെ വിളിച്ച് ഇതുസംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കി അതിനനുസരിച്ച നിലപാട് സ്വീകരിച്ച് പോകുന്നത് ഈ സഭാനടപടികൾക്ക് നല്ലതായിരിക്കും. നാളെ മുതൽ അത്തരമൊരു നിലപാട് സ്വീകരിക്കുന്നതിന് അങ്ങ് മുൻകയ്യെടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: നാളെ കക്ഷിനേതാക്കളുടെ യോഗമുണ്ട്. ഇതിനുമുമ്പ്

ഞാൻ കക്ഷിനേതാക്കളുടെ യോഗത്തിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും പക്ഷേ വലിയ സപ്പോർട്ട് കിട്ടിയില്ല. അതുകൊണ്ടാണ് പിന്നെ കൂടുതൽ ഊന്നൽ നൽകി പറയാതിരുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞ നിർദ്ദേശം സ്വീകാര്യമാണ്. ഇക്കാര്യം കക്ഷിനേതാക്കളുമായി നമുക്ക് ചർച്ച ചെയ്യാം.

മി. ഡെപ്യൂട്ടി സ്പീക്കർ: നാളെ കക്ഷിനേതാക്കന്മാരുടെ യോഗമുണ്ട്. അതിനുശേഷം തീരുമാനിക്കാം.